**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ആഘോഷങ്ങളും സമ്മാനങ്ങളുമല്ല, മനുഷ്യത്വമാണ് അനിവാര്യം: ഫ്രാൻസിസ് മാർപ്പാപ്പ



വത്തിക്കാൻ: ആഘോഷങ്ങളും സമ്മാനങ്ങളുമല്ല, മനുഷ്യത്വമാണ് അനിവാര്യമെന്ന് ക്രിസ്മസ് സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ. ദരിദ്രരെയും അഭയാർഥികളെയും യുദ്ധക്കെടുതികൾ അനുഭവിക്കുന്നവരെയും മറക്കുന്നവർ ദൈവത്തെയാണ് മറക്കുന്നതെന്നും മാർപ്പാപ്പ പറഞ്ഞു. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ക്രിസ്മസ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയായിരുന്ന അദ്ദേഹം.

പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിന്റെ ലാളിത്യത്തിന്റെയും വിനയത്തിന്റെയും സന്ദേശം ഉൾക്കൊള്ളാൻ ഫ്രാൻസിസ് മാർപ്പാപ്പ വിശ്വാസികളെ ആഹ്വാനം ചെയ്തു. 'അവഗണിക്കപ്പെട്ടവനും പുറന്തള്ളപ്പെട്ടവനുമായാണ് ക്രിസ്തു ജനിച്ചത്. ക്രിസ്മസ് ആഘോഷങ്ങളും സമ്മാനങ്ങളും മാത്രമായി മാറുമ്പോൾ ദൈവത്തെയാണ് മറക്കുന്നത്. ലൗകികതയുടെ പിടിയിൽ നിന്ന് ക്രിസ്മസ് മോചിതമാവണം' - അദ്ദേഹം ആഹ്വാനം ചെയ്തു.

കർദിനാൾമാരും മെത്രാൻമാരും സഹശുശ്രൂഷകരായ ക്രിസ്മസ് കുർബാനയിൽ പതിനായിരത്തോളം വിശ്വാസികൾ പങ്കെടുത്തു. ബെർലിൻ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കനത്ത സുരക്ഷയിലാണ് വത്തിക്കാനിൽ ചടങ്ങുകൾ പൂർത്തിയായത്.

കടപ്പാട് : www.manoramaonline.com